# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

**അക്കാദമിക മികവ്..... വിദ്യാലയ മികവ്**







# ഗവ. എൽ. പി സ്കൂൾ കല്ലാർ

**കല്ലാർ പി. ഒ, മുണ്ടിയെരുമ**

**നെടുങ്കണ്ടം ഉപജില്ല**

**ഇടുക്കി**

# ആമുഖം

പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതിയുടെ ഭാഗമായി 2025- 26 അധ്യയന വർഷത്തിൽ ഗവ.എൽ.പി.സ്കൂൾ കല്ലാർ സമഗ്രമായ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കിയിരിക്കുന്നത്.

ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതിയതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപ കൽപ്പന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ട് പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാന്റെ പ്രധാന ലക്ഷ്യം. ഈ വിദ്യാലയത്തിനെ മികവിന്റെ മാതൃകയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകും എന്ന് ഉറപ്പാണ്.

സ്കൂളിന്റെ കാഴ്ച്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ ഈ മാസ്റ്റർ പ്ലാനിൽഉൾപ്പെടുത്തിയിരിക്കുന്നു . സജീവമായ പി.ടി.എ, എം.പി.ടി.എ അർപ്പണ ബോധമുള്ള അധ്യാ പക സംഘം, പിന്തുണ നൽകുന്ന രക്ഷിതാക്കൾ വിശാലമായ പൊതു സമൂഹം എന്നിവയുടെ സജീവ സഹകരണത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# ചരിത്രം

ഇടുക്കി ജില്ലയുടെ മലയോര മേഖലയായ ഹൈറേഞ്ചിന്റെ കിഴക്കേ അറ്റത്താണ് നെടുങ്കണ്ടം ഗ്രാമപഞ്ചായത്തു സ്ഥിതി ചെയ്യുന്നത് . പഞ്ചായത്തിന്റെ പതിമൂന്നാം വാർഡിലാണ് ജി.എൽ.പി.എസ് കല്ലാർ സ്ഥിതി ചെയ്യുന്നത് . നെടുങ്കണ്ടം വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്ന ഈ വിദ്യാലയം തൊട്ടടുത്ത ഗ്രാമപഞ്ചായത്തായ പാമ്പാടുംപാറയുമായി അതിർത്തി പങ്കിടുന്നു. 1955 ൽ ഗ്രാമോർഫുഡ് പദ്ധതിയുടെ ഭാഗമായി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ .പട്ടം താണുപിള്ള ഇടുക്കി ജില്ലയുടെ കിഴക്കൻ മേഖലയിൽ കോളനികൾ അനുവദിച്ചു. അങ്ങനെ പട്ടം കോളനി രൂപീകൃതമായി.

കുടിയേറ്റ കർഷകരുടെ മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1956 ൽ ഈ സ്കൂൾ രൂപീകൃതമായി. 1 മുതൽ 7 വരെ ക്ലാസുകൾ ആണ് ആദ്യം അനുവദിച്ചത്. തുടർന്ന് 1960 ൽ യു.പി. വിഭാഗം മാറ്റി ജി. എച്ച്.എസ്.എസ് കല്ലാർ നിലവിൽ വരികയും ചെയ്തു. ആദ്യഘട്ടത്തിൽ പനയോലയിലും മുളയിലും നിർമിച്ച താത്കാലിക ഷെഡുകളാണ് ഉണ്ടായിരുന്നത്. പിന്നീട് 1975 - 80 കാലഘട്ടത്തിലാണ് സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചത്. 1988 ൽ പി.ടി.എ യുടെ ശ്രമഫലമായി ഗവണ്മെന്റ് അംഗീകാരത്തോടെ പ്രീ പ്രൈമറി ആരംഭിച്ചു. ഈ പ്രദേശത്തെ കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കൾക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക എന്നീ ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയം പ്രവർത്തിച്ചു വരുന്നത്.

# അടിസ്ഥാന വിവരങ്ങൾ

- സ്കൂളിന്റെ പേര് : ഗവ.എൽ.പി.സ്കൂൾ കല്ലാർ
- മേൽവിലാസം : കല്ലാർ പി. ഒ
  മുണ്ടിയെരുമ
  ഇടുക്കി
- ഫോൺ :
- സ്കൂൾ കോഡ് : 30504
- വിദ്യാഭ്യാസ ഉപജില്ല : നെടുങ്കണ്ടം
- വിദ്യാഭ്യാസ ജില്ല : ഇടുക്കി
- ബി. ആർ. സി : നെടുങ്കണ്ടം
- സി. ആർ . സി : നെടുങ്കണ്ടം
- ഗ്രാമ പഞ്ചായത്ത് : നെടുങ്കണ്ടം
- ബ്ലോക്ക് പഞ്ചായത്ത് : നെടുങ്കണ്ടം
- ജില്ലാ പഞ്ചായത്ത് : ഇടുക്കി
- നിയമസഭാ മണ്ഡലം : ഉടുമ്പൻചോല
- വില്ലേജ് : പാറത്തോട്
- ഇമെയിൽ വിലാസം : glpskallarpattamcolony@gmail.com
- ഫേസ് ബുക്ക് ഐ.ഡി : glps kallar
- സ്കൂൾ വിക്കി : glpskallar

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക .
2. എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ളീഷ് ,അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക .
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
5. ആധുനിക സാങ്കേതികവിദ്യസാധ്യതകൾ  കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നതിനു അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.
6. കമ്പ്യൂട്ടർ ലാബ്,സ്കൂൾ ലൈബ്രറി നവീകരണം
7. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കുക.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
9. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
11. മാലിന്യമുക്ത വിദ്യാലയം , ഹരിത പെരുമാറ്റച്ചട്ടം പാലിച്ചു സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ,ശുചിത്വം, വേസ്റ്റ് മാനേജമെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി **നടപ്പാക്കൽ.**
12. കൃഷി , ഔഷധത്തോട്ടം ,ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ .
13. വിദ്യാലയം ഹൈടെക്കായി മാറ്റുക .
14. പോക്സോ സംബന്ധമായ ബോധവൽക്കരണം .
15. രാസലഹരി,മൊബൈൽ അഡിക്ഷൻ തുടങ്ങിവയ്ക്കെതിരെ മുൻകരുതലുകൾ.

## അക്കാദമിയ ഭൗതിക നേട്ടങ്ങൾ പരിമിതികൾ

| | നേട്ടങ്ങൾ | | പരിമിതികൾ |
|---|---|---|---|
| • | അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം. | • | എല്ലാ കുട്ടികൾക്കും ഭാഷ ശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല . |
| • | ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം | • | മികച്ച ലൈബ്രറി, ലാബ് സൗകര്യങ്ങൾ ഇല്ല |
| • | ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ചു പരിശീലനം നൽകുന്നു. | • | ഐ. ടി. അധിഷ്ഠിത പഠനം മെച്ചപ്പെട്ട രീതിയിൽ നടത്താവശ്യമായ ലാപ്ടോപ്പുകളുടെ അഭാവം. |
| • | കലാപഠനം,പ്രവർത്തി പരിചയം, കായിക പഠനം എന്നിവയ്ക്ക് പരിശീലനം . | • | 10% കുട്ടികൾ പഠന പിന്നോക്കാവസ്ഥ നേരിടുന്നു. |
| • | പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് ഒപ്പമുണ്ട് ഞങ്ങളും എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ. | • | കളിസ്ഥലത്തിന്റെ പരിമിതി കായിക വിദ്യാഭ്യാസത്തിന് പരിമിതി നേരിടാൻ കാരണമാകുന്നു. |
| • | പ്രത്യേക പരിഗണയും പിന്തുണയും അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത സപ്പോർട്ട്. | • | ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഡൈനിങ് ഹാളിന്റെ പരിമിതി. |
| • | സർഗ്ഗാത്മക വേദികൾ ആശയ പ്രകടന വേദികൾ ജനാധിപത്യവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • | പാഠ്യ - പഠ്യേതര പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തത്. |
| • | പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടത്തപ്പെടുന്നു. | | |
| • | ഹൈടെക്ക് ക്ലാസ്സ്മുറികൾ | | |
| • | അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രീപ്രൈമറി ക്ലാസുകൾ | | |
| • | സ്റ്റാർസ് പ്രീപ്രൈമറി | | |
| | അക്കാദമിക മികവിന് വിഷയബന്ധിത പഠന ക്യാമ്പുകൾ. | | |
| • | ശില്പശാലകൾ | | |
| • | മികവുറ്റ**LSS** പരിശീലനം | | |
| • | ആരോഗ്യ കായിക വളർച്ചയ്ക്ക്" **PLAY FOR HEALTH"** | | |
| • | അക്കാദമിക ഉത്സവങ്ങൾ | | |
| • | സ്കൂൾ വാഹന സൗകര്യം | | |
| • | കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികാസത്തിനായി "**കുട്ടിവാണി**" | | |
| • | രക്ഷിതാക്കളുടെ പൊതുവിജ്ഞാനത്തിനായി ജാലകം ക്വിസ് | | |
| • | പ്രതിമാസ പഠന പ്രവർത്തന വിലയിരുത്തൽ | | |
| • | പ്രതിമാസ ക്വിസ് | | |
| • | പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി ഓട്ടിസം സെന്റർ | | |

# ലക്ഷ്യങ്ങൾ

**ഭാഷ വികസനം**

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുന്നു .
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക്  അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക .
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നത്തിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.
8. ഒന്നാം ക്ലാസ്സിന് ഭാഷ വികസനവുമായി ബന്ധപ്പെട്ട് ശതദിന വായന.
9. 3 , 4 ക്ലാസ്സിന് ഭാഷ വികസനവുമായി ബന്ധപ്പെട്ട് അക്ഷര മധുരം.
10. പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക്" **ഒപ്പമുണ്ട് ഞങ്ങളും പദ്ധതി**".

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക . റീഡേഴ്സ് തീയറ്റർ, സ്കിറ്റ് , കൊറിയോഗ്രാഫി .
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാകുക.
4. സ്വതന്ത്ര എഴുത്തിനു സജ്ജരാകുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ശേഷികൾ നേടാൻ സചിത്രനോട്ട് ബുക്കിന്റെ സാദ്ധ്യതകൾ പ്രോയോജനപ്പെടുത്തുക.
7. ക്ലാസ്തല വായനമൂല സ്കൂൾ ലൈബ്രറി എന്നിവടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.
9. ബുധനാഴ്ചകളിൽ ഇംഗ്ലീഷ് ദിനാചരണം.
10. ഇംഗ്ലീഷ് അസംബ്ലി
11. ഇംഗ്ലീഷ് ഡയറി .

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക .
5. ആധുനിക ശാസ്ത്ര സാങ്കേതിക പഠനത്തിനായി പ്രയോജനപ്പെടുത്തൽ.
6. ഫീൽഡ് ട്രിപ്പുകൾ.
7. താളും തകരയും - ഭക്ഷ്യമേള
8. പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. സമൂഹത്തിൽ ഒപ്പം നിന്ന് തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ ് പ്രവർത്തിക്കുന്നതിൽ പ്രാപ്തരാക്കുക.
3. ജനാതിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ , ബോധവത്കരണ പരിപാടികൾ, ചർച്ചകൾ , സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.
5. വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുക.

## ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ
2. അറിവു നിർമാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക .
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കംപ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക ,ആരോഗ്യ ശീലങ്ങൾ ഉണ്ടാക്കുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. ക്യാമ്പസിനെ മാലിന്യമുകതമാക്കുക , ഹരിതമാക്കുക .

## അറബിക്

1. അറബിക് അസംബ്ലി, ക്വിസ്
2. അറബിക് റീഡിങ് കാർഡ് നിർമ്മാണം.
3. അറബിക് ഫെസ്റ്റ്
4. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
5. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
6. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പ് വരുത്തുക.
4. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
6. ഗണിത പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ 1 ,2 ക്ലാസ്സുകളിൽ മഞ്ചാടിപെട്ടിയും 3 , 4 ക്ലാസ്സുകളിൽ ഗണിതപെട്ടിയും എല്ലാ ക്ലാസ്സുകളിലും ഗണിത മൂലകളും
7. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക.
8. ഭാഷ പഠനത്തിൽ ഐ.ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## പ്രവർത്തിപരിചയം

1. നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകാരണങ്ങളോ പ്രയോജനപ്രദമായ ഉല്പ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക .
3. ഇതര വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തി പരിചയനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക .
3. ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാ പഠനത്തിൽ ഉപയോഗിക്കുക.
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

# വിലയിരുത്തൽ , രേഖപ്പെടുത്തൽ അക്കാദമിക മോണിറ്ററിങ്

**അക്കാദമിക് മോണിറ്ററിങ് ( Academic Monitoring )**
വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം , ക്ലാസ് മുറിയിലെ ഇടപെടലുകൾ ,കുട്ടികളുടെ പങ്കാളിത്തം ,പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിങ് . പഠനം കേവലം ലക്ഷ്യബദ്ധമായതല്ല ,കുട്ടികളെ ആഴത്തിലൂടെ അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം . ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്സ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ,ക്ലാസ് പ്രവർത്തനങ്ങൾ ,പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞു പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ**(PTA,HM,SMC,SSK)** പ്രോത്സാഹിപ്പിക്കുക .

**പ്രവർത്തന ഘട്ടങ്ങൾ :**

- തീയതി നിശ്ചയിച്ച സന്ദർശനം :
    - **DEO,AEO** ഡയറ്റ് ,തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 ഹാൻഡ്ബുക്കിലെ നിർദേശങ്ങൾ അനുസരിച്ചു അവലോകനം നടത്തും.

**മോണിറ്ററിങ് ഉപാധികൾ :**

- **UNIT WISE MONITORING FORMAT** : ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ ,ചോദ്യങ്ങൾ , പോയിന്റുകൾ എന്നിവ .
- **PORTFOLIO ENTRY CHECKLIST** :കുട്ടികളുടെ പ്രവർത്തനങ്ങൾ ,ചിത്രങ്ങൾ ,വിലയിരുത്തൽ രേഖകൾ.
- **NOTE BOOK ENTRY CHECKLIST :** ക്ലാസ്സിലെ റിവ്യൂ, ഓൺ -ദ-സ്പോട്ട് വിലയിരുത്തൽ.
- **OBSERVATION TOOL** :കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

**ഉദ്യോഗസ്ഥരുടെ ചുമതലകൾ** :

- SCERT / DIET ഫാക്കൽറ്റി അംഗങ്ങൾ : വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
- DIET PRINCIPAL ജില്ലാതല മാർഗ്ഗനിർദ്ദേശം.
- DDE,DEO,AEO :സ്കൂൾതല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
- DPC,BPC : പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
- വിദ്യകിരണം മിഷൻ കോർഡിനേറ്റർ : ഡോക്യൂമെന്റേഷൻ ,ഡിജിറ്റൽ രേഖകൾ ,

**പ്രതിവാര അവലോകനം** :

- സന്ദർശനം , കുട്ടികളുടെ പ്രവർത്തനം , അധ്യാപകരുടെ ആസൂത്രണം , ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
- ബ്ലോക്ക്/ ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

**വിലയിരുത്തൽ :**

- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ചിത്രങ്ങൾ ,പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ , യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തീയേറ്റർ , ഗ്രൂപ്പ് പ്രവർത്തനങ്ങൾ , ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം , സാമൂഹ്യ - ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക .

# വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ**(Formative Assessment** ) എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ് . പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ച കേന്ദ്രമാണ് ഇത് . കുട്ടിയുടെ അറിവ് , പ്രക്രിയശേഷി , പങ്കാളിത്തം , ആശയവിനിമയം , ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ . **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കയാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി .

**പ്രവർത്തന ലക്ഷ്യങ്ങൾ :**

- കുട്ടിയുടെ പഠനപ്രവർത്തിയിൽ പങ്കാളിത്തം ,ധാരണ , പ്രകടനം , രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക .
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക .
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക
- അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്താനും , മെച്ചപ്പെടുത്താനും സഹായിക്കുക
- .പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപെടുത്തുക .

**പ്രവർത്തന ഘട്ടങ്ങൾ :**

- പഠനപ്രക്രിയ വിലയിരുത്തൽ :
  - പ്രവർത്തന പങ്കാളിത്തം :
    - പ്രവർത്തനം ഏറ്റെടുത്തു ?
    - ഗ്രൂപ്പിൽ  പ്രവർത്തിച്ചു ?
    - ആശയങ്ങൾ പങ്കുവെച്ചു ?
- ആശയധാരണ :
  - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു ?
  - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ ?
- പ്രക്രിയാശേഷി വിലയിരുത്തൽ :
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു ?
  - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ ?
- പ്രകടനം / അവതരണം
  - ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു ?
  - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വമായി വിശദീകരിച്ചു ?

- രേഖപ്പെടുത്തൽ :
    - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നു ?
    - അതിനുള്ള ആകൃതിയും അതിന്റെ അടക്കം , മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ് ?
    - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ ?

**വിലയിരുത്തൽ മാർഗ്ഗങ്ങൾ** :

- നിരീക്ഷണം (**Observation** ):
    - അദ്ധ്യാപകന്റെ ദൈന്യംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ് .
- അഭിമുഖം (**Interview )**
    - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം .
- റേറ്റിംഗ് സ്കെയിൽ :
    - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക .
- കേസ്സ്റ്റഡി/സ്കെച്ചുകൾ/ഡയറി നോട്ടുകൾ
    - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക .
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ :
    - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ചു രേഖപ്പെടുത്തുന്നത് .

**പോർട്ട്ഫോളിയോ വിലയിരുത്തൽ :**

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ചു പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക .
- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾ കാണിച്ചുകൊടുക്കുക.

**KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്**:

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം , തനിമ , പ്രത്യേകതകൾ ,അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം .
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ എടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം .
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം .
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം .

# സമഗ്ര പുരോഗതി രേഖ (Holistic Progress card )

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും , തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണു സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത് . ഇതൊരു പരീക്ഷ മാർക്കിനപ്പുറം , കുട്ടിയുടെ ബുദ്ധിപരമായ കഴിവ് , സാമൂഹികമായ പെരുമാറ്റം , സൃഷ്ടിപരമായ കഴിവുകൾ , മനസികസ്ഥിതികൾ , ശാരീരികക്ഷമത തുടങ്ങിവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസ്സിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസ്സിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ :

- കുട്ടിയുടെ ബഹുമേഖലപരമായ വളർച്ച രേഖപ്പെടുത്തുക
- ബുദ്ധിമുട്ടുകളും പുരോഗതികളും തിരിച്ചറിയുകയും അതനുസരിച്ചു ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക .
- അഭിപ്രായങ്ങൾ , നിരീക്ഷണങ്ങൾ , വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക .
- തുടർച്ചയായ അധ്യയനത്തിനു ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ , പഠനശൈലികൾ , അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.
- രേഖയുടെ രൂപരേഖ തയ്യാറാക്കൽ :
- പ്രധാന മേഖലകൾ :
  - വൈജ്ഞാനികം (Academic)
  - വൈകാരികം (Emotional)
  - സാമൂഹികം (social )
  - ശാരീരികം (Physical)
  - മാനസികം (Mental )
  - ആചരണപൂർണത/മൂല്യബോധം
  - ആശയവിനിമയക്ഷമത
  - സഹപാഠികളുമായുള്ള ഇടപടൽ/സഹകരണം

- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ
  - അധ്യാപക കമന്റുകൾ /PTA വിലയിരുത്തൽ
  - ക്ലാസ് പ്രവർത്തനങ്ങൾ , പ്രദർശനങ്ങൾ , അർഹതകൾ .
- കാലക്രമമനുസൃതമായി രേഖപ്പെടുത്തൽ :
  - മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക .
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടാവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക .

- പുതിയ ക്ലാസ്സിലേക്ക് കൈമാറ്റം

# പ്രവർത്തന പദ്ധതികൾ മലയാളം

**പ്രവർത്തനം : 1**
**പേര് : പുസ്തകകൂട്ട്**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് ലൈബ്രറി, കുട്ടി ലൈബ്രറി ക്രമീകരണം, വിപുലീകരണം | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | |

**പ്രവർത്തനം : 2**
**പേര് : എന്റെ വായനകുറിപ്പുകൾ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും അവരെ പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായന കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസ്സിൽ വായന കാർഡ് | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറിയിലേക്ക് പിറന്നാൾ പുസ്തകം പദ്ധതിയിലൂടെ പുസ്തക ശേഖരണം | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : കുട്ടിവാണി**
**ഉപമേഖല : സർഗാത്മക പ്രകടനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സ്വതന്ത്ര, സർഗാത്മക അവതരണം | എല്ലാ ദിവസവും ഉച്ചഭാഷിണിയിലൂടെ കുട്ടികളുടെ അവതരണം | ജൂൺ 19 മാർച്ച് | ക്ലാസ് ടീച്ചർ, | |

**പ്രവർത്തനം : 5**
**പേര് : വായന കോർണർ**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക. റീഡേഴ്സ് തീയേറ്റർ | ഓരോ ക്ലാസ് മുറികളിലും വായനാ കോർണർ ക്ലാസ് പ്രവർത്തനങ്ങളിൽ ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ജൂൺ, മാർച്ച് | ക്ലാസ് ലൈബ്രറി ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 6**
**പേര് : ക്ലാസ് തല കയ്യെഴുത്തു മാഗസിൻ / ക്ലാസ് പത്രം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ ക്ലാസ്സിലെ മികച്ച പ്രവർത്തങ്ങൾ ഉൾക്കൊള്ളിച്ച ഒരു ക്ലാസ് പത്രം | ടേമിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | 2000 |

**പ്രവർത്തനം : 7**
**പേര് : ക്ലാസ് തല പതിപ്പുകൾ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | പാഠഭാഗം, ദിനാചരണങ്ങൾ ഇവയുമായി ബന്ധപ്പെട്ട പതിപ്പ് തയ്യാറാക്കൽ | ജൂൺ 19 മാർച്ച് | ക്ലാസ് ടീച്ചർ, | 1000 |

**പ്രവർത്തനം : 8**
**പേര് : രചനോത്സവം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | നൽകുന്ന മാതൃകകൾ അനുസരിച്ചു വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ, | |

**പ്രവർത്തനം : 9**
**പേര് : പാട്ടരങ്ങ്**
**ഉപമേഖല : ഭാഷ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം , സംഗീതാത്മക തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷ ജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ചു അതിന്റെ അവതരണം സംഘടിപ്പിക്കുന്നു.രാഗതാളങ്ങളുമായി അനുവദിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു . | ജൂൺ, മാർച്ച് | സ്കൂൾ ഭാഷ ക്ലബ്, ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 10**
**പേര് : റീഡേഴ്സ് തീയറ്റർ**
**ഉപമേഖല : വായന വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ താല്പര്യം വളർത്തി, ശബ്ദവ്യതിയാനത്തോടെയുള്ള അവതരണം | കഥാനായകർ , സംഭാഷണശൈലി , ശബ്ദ വ്യതിയാനം എന്നിവയോടെ വായനയുടെ അവതരണം . | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 11**
**പേര് : ഭാഷോത്സവം**
**ഉപമേഖല : ഭാഷാക്യാമ്പ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയ വിനിമയ രൂപങ്ങൾ മനസ്സിലാക്കുക , ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക | ഭാഷാപ്രസംഗം, കഥപറയൽ , കവിതാപാരായണം , കൊളാഷുകൾ , ഭാഷാപോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം | ജൂൺ, മാർച്ച് | ഭാഷാ ക്ലബ് ക്ലാസ് ടീച്ചർ, | |

**പ്രവർത്തനം : 12**
**പേര് : അരങ്ങത്തേക്ക്**
**ഉപമേഖല : അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയ വിനിമയമറിയിക്കാൻ സഹായിക്കും . | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവമുള്ള ഒരു ക്ലാസ് അരങ്ങു ഒരുക്കുന്നു. | ജനുവരി | SRG<br>SMC | |

**പ്രവർത്തനം : 13**
**പേര് : ശത ദിന വായന യാത്ര**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ സ്വതന്ത്ര വായനക്കാർ ആക്കി മാറ്റുക | ഒന്നാം ക്ലാസ്സിലെ പാഠഭാഗങ്ങൾ അനുയോജ്യമായ രീതിയിൽ വായന കാർഡ് നിർമ്മിക്കുക. സ്വയം എടുത്തു വായിക്കുന്നതിനുള്ള അവസരം ഒരുക്കുക | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ, | |

**പ്രവർത്തനം : 14**
**പേര് : അക്ഷര മധുരം**
**ഉപമേഖല : Innavative Programme (തനതു പ്രവർത്തനം) ക്ലാസ് 3,4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഓരോ കുട്ടിയേയും ഒരു യൂണിറ്റായി പരിഗണിച്ചു വായനയിലും എഴുത്തിലും മികച്ച നിലവാരത്തിലെത്തിക്കുക.<br>• സ്വതന്ത്രവായനയും ആത്മവിശ്വാസമുള്ള എഴുത്തും വളർത്തുക.<br>• എഴുത്തും വായനയും ആസ്വാദ്യകരമാക്കുക. | Innavative Programme (തനതു പ്രവർത്തനം) ക്ലാസ് 3,4 സ്വതന്ത്ര രചനകൾ ചേർത്ത് പതിപ്പ് നിർമ്മിക്കുക. | ജൂൺ, ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

**പ്രവർത്തനം :1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

**പ്രവർത്തനം : 2**
**പേര് : ഇംഗ്ലീഷ് ഡയറി (3 ,4 ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ഇംഗ്ലീഷ് തീയേറ്റർ**
**ഉപമേഖല : അവതരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അവതരണം (കുട്ടിവാണി ,സർഗ്ഗവേള ) | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : Reading card Work Shop**
**ഉപമേഖല : വായനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ | ജൂൺ മാർച്ച് | ഇംഗ്ലീഷ് ക്ലബ് | 1000 |

| പ്രവർത്തനം : 5<br>പേര് : Work Sheet work Shop<br>ഉപമേഖല : അധ്യാപക ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു . | ജൂലൈ ഫെബ്രുവരി | എസ് ആർ ജി | 4000 |

# അറബിക്

| പ്രവർത്തനം : 1<br>പേര് : ലോകഭാഷ - അറബിഭാഷ<br>ഉപമേഖല : അടിസ്ഥാന ശേഷി വികാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | മുന്നറിവ് പരിശോധന<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>ഭാഷാകളികൾ | 2 മാസം | അറബി ടീച്ചർ | |
| **പ്രവർത്തനം : 2**<br>**പേര് : അറബി വായനോത്സവം**<br>**ഉപമേഖല : വായന** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വായന കാർഡുകൾ<br>വായന കുറിപ്പ് | ജൂൺ മാർച്ച് | അറബി ടീച്ചർ | |
| **പ്രവർത്തനം : 3**<br>**പേര് :**<br>**ഉപമേഖല :** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർധിപ്പിക്കുന്നു. | പതിപ്പുകളുടെ നിർമ്മാണം<br>വായനകുറിപ്പ് ശേഖരണം<br>ചുമർ പത്രങ്ങൾ<br>ഭാഷാ കളികൾ | ജൂൺ മാർച്ച് | അറബി ടീച്ചർ | |

# പരിസര പഠനം

| പ്രവർത്തനം : 1<br>പേര് : ശാസ്ത്ര ശില്പശാല<br>ഉപമേഖല : ലാബ് ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പ ശാലകൾ , വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കൽ | 1 മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | 4000 |

**പ്രവർത്തനം : 2**
**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ )**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താല്പര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : പരീക്ഷണ കിറ്റ്**
**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയപ്രക്രിയ ശേഷിയുടെ വളർച്ചയ്ക്ക് ഇണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കും | മുഴുവൻ കുട്ടികൾക്കും 3 ,4 ശാസ്ത്രീയ പരീക്ഷണങ്ങൾക്ക് ഇണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ചു സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ | | 3000 |

**പ്രവർത്തനം : 4**
**പേര് : പരീക്ഷണോത്സവം**
**ഉപമേഖല : ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ചു അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>ശാസ്ത്ര ക്ലബ്ബ് | |

# ഗണിതം

**പ്രവർത്തനം : 1**
**പേര് : ഗണിത വർക്ക് ഷീറ്റ് , ശില്പശാല**
**ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കുക | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG | 4000/- |

| പ്രവർത്തനം : 2<br>പേര് : ഗണിത മൂല<br>ഉപമേഖല : ഗണിത കേളികൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ ( മഞ്ചാടി, കളിനോട്ട് , കാർഡുകൾ , ഗണിതപ്പെട്ടി തുടങ്ങിയവ ) | ജൂൺ | ക്ലാസ് ടീച്ചർ | 2000/- |
| **പ്രവർത്തനം : 3<br>പേര് : യൂണിറ്റ് വിലയിരുത്തൽ<br>ഉപമേഖല : യൂണിറ്റ് ടെസ്റ്റ്** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം : 4<br>പേര് : ഗണിതം മധുരം<br>ഉപമേഖല : ഗണിത കേളി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ , ശിൽപ്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | | 2000/- |
| **പ്രവർത്തനം : 5<br>പേര് : കണക്കിന്റെ കിളിവാതിൽ<br>ഉപമേഖല : സങ്കലനം , വ്യവകലനം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മുഴുവൻ കുട്ടികൾക്കും സംഖ്യാ ബോധവും , സങ്കലന , വ്യവകലാനാ ക്രിയകൾ ഉറപ്പിക്കൽ | സംഖ്യാബോധം ഉറപ്പിക്കൽ ഒരക്ക സംഖ്യകളുടെയും രണ്ടക്ക സംഖ്യകളുടെയും സങ്കലന , വ്യവകലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ | 1000/- |

# അക്കാദമിക ഉത്സവങ്ങൾ

**പ്രവർത്തനം : 1**
**പേര് : അതിഥിയോടൊപ്പം**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൾ ചർച്ചകൾ , സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 5000 |

**പ്രവർത്തനം : 2**
**പേര് : ഭാഷാക്യാമ്പ്**
**ഉപമേഖല : വായന ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് | ഓരോ ക്ലാസിലെയും കുട്ടികളുടെ നിലവാരത്തിനനുസരിച്ചു വായന , ലേഖനം ഇവയ്ക്കു അവസരമൊരുക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ടേമിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | 5000 |

**പ്രവർത്തനം : 3**
**പേര് : താളും തകരയും, ഭക്ഷ്യമേള**
**ഉപമേഖല : വ്യത്യസ്തതരത്തിലുള്ള ഭക്ഷണ വിഭവങ്ങൾ , പഴയകാല ആഹാര രീതി എന്നിവ രുചിച്ചറിയുന്നതിനും മനസിലാക്കുന്നതിനും**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഴയകാല ആഹാരരീതി മനസിലാക്കുന്നതിനും വ്യത്യസ്തതരം ഭക്ഷണ വിഭവങ്ങൾ രുചിച്ചറിയുന്നതിനും | ഓരോ ക്ലാസ്സിനും ഓരോ വിഭവം കണ്ടെത്തി നൽകി എല്ലാ ക് ളാസ്സുകാരും പലതരം ഭക്ഷണവിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവന്ന് പ്രദർശനം നടത്തുന്നു. | വർഷത്തിൽ ഒന്ന് | SRG SMC PTA | 10000 |

**പ്രവർത്തനം : 4**
**പേര് : അറബിഫെസ്റ്റ്**
**ഉപമേഖല : വായന , ലേഖനം , അവതരണ ശേഷി മെച്ചപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് | ഭാഷാ പ്രസംഗം , കഥ കവിതാലാപനം, കഥ പറയൽ , കൊളാഷ് ഭാഷാ പോസ്റ്ററുകൾ | വർഷത്തിൽ ഒന്ന് | അറബി അധ്യാപിക SRG | 5000 |

**പ്രവർത്തനം : 5**
**പേര് : ഒപ്പമുണ്ട് ഞങ്ങളും, പ്രാദേശിക പി.ടി.എ**
**ഉപമേഖല : കുട്ടികളുടെ അവതരണശേഷി വികസനം, സാമൂഹിക പങ്കാളിത്തം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസദസ്സിൽ കുട്ടികൾക്ക് അവതരണം | ഓരോ പ്രദേശത്തും ആ പ്രദേശത്തെ കുട്ടികളുടെ കലാപരിപാടികൾ , മികച്ച പഠന പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്ന് ജനുവരി | SRG SMC PTA | 20000 |

| | | | | |
|---|---|---|---|---|
| നടത്തുവാനുള്ള അവസരം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക | തുടങ്ങിയവ പൊതുസദസ്സിൽ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്നു. | | | |

**പ്രവർത്തനം : 6**
**പേര് : ഇംഗ്ലീഷ് ഫെസ്റ്റ്**
**ഉപമേഖല : ഭാഷാ ശേഷി വികസിപ്പിക്കുക , ലേഖനം - മെച്ചപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് | ഭാഷാ പ്രസംഗം കവിതാലാപനം, കഥപറയൽ , കഥാരചന , കവിതാരചന , ഭാഷാ പോസ്റ്ററുകൾ | ഓരോ ടേമിലും | SRG | 3000 |

**പ്രവർത്തനം : 7**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പാഠഭാഗവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ, സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ പ്രദേശങ്ങൾ ഇവ സന്ദർശിക്കുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രദേശങ്ങളും സ്ഥാപനങ്ങളും അതാതു ക്ലാസ്സിലെ കുട്ടികളെ കൊണ്ടുപോയി സന്ദർശനം നടത്തുന്നു. | വർഷ ത്തിൽ ഒന്ന് ജനുവരി | SRG<br>SMC<br>PTA | 3000 |

**പ്രവർത്തനം : 8**
**പേര് : ഗണിതോത്സവം**
**ഉപമേഖല : ഗണിതശേഷികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യക പഠന പദ്ധതി . കണക്കിന്റെ കിളിവാതിൽ എല്ലാ ക്ലാസ്സിലും ഗണിതമൂല തയ്യാറാക്കൽ, മഞ്ചാടി ബോക്സ് ഗണിതപ്പെട്ടി , തുടങ്ങിയവ ഓരോ കുട്ടിക്കും | ജൂൺ മുതൽ മാർച്ച് വരെ | SMC<br>SRG | 10000 |

**പ്രവർത്തനം : 9**
**പേര് : പ്രീപ്രൈമറി ഫെസ്റ്റ്**
**ഉപമേഖല : പ്രീപ്രൈമറി കുട്ടികളുടെ സമഗ്രവികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നഴ്സറി കുട്ടികളുടെ മാനസീക ശാരീരിക വൈജ്ഞാനിക വികാസങ്ങൾക്കു വേണ്ടി | കൊച്ചു കുട്ടികളുടെ വിവിധ തീമുകളുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തങ്ങളുടെ അവതരണം | വർഷത്തിൽ ഒന്ന് ജനുവരി | SRG | 10000 |

**പ്രവർത്തനം : 10**
**പേര് : സ്കൂൾ വാർഷികവും, പഠനോത്സവവും**
**ഉപമേഖല : കുട്ടികളുടെ ശാരീരിക മാനസീക , ചാലക വികാസം , സർഗാത്മക പ്രവർത്തനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം , മികച്ച പഠന പ്രവർത്തങ്ങളുടെ മികച്ച അവതരണങ്ങൾ | മാർച്ച് | SRG<br>SMC<br>PTA | 50000 |

# വിവര സാങ്കേതിക വിദ്യ

| | | | | |
|---|---|---|---|---|
| **പ്രവർത്തനം : 1**<br>**പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**<br>**ഉപമേഖല : അധ്യാപക ശാക്തീകരണം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട സാദ്ധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ സമഗ്ര പ്രവർത്തങ്ങളിൽ പങ്കാളികളാകൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

# പ്രവൃത്തി പരിചയം

| | | | | |
|---|---|---|---|---|
| **പ്രവർത്തനം : 1**<br>**പേര് : പ്രവൃത്തി പരിചയ ശില്പശാല**<br>**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ , ചന്ദനത്തിരി , പാവ , ചോക്ക് etc | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | 2000 |
| **പ്രവർത്തനം : 2**<br>**പേര് : പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ നിർമാണം**<br>**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 2 നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ഫയൽ ,പേപ്പർ ബാഗ് പാഴ് വസ്തുക്കളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഇവയുടെ നിർമാണം | ജൂൺ മുതൽ | SSG | |
| **പ്രവർത്തനം : 3**<br>**പേര് : ഒറിഗാമി**<br>**ഉപമേഖല : കരകൗശല പരിശീലനം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപരിചയനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2000 |

# സർഗ വേദി

**പ്രവർത്തനം : 1**
**പേര് : സർഗവേദി**
**ഉപമേഖല : പ്രകടനവേദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗവേദി നടത്തൽ , നേതൃത്വം വിദ്യാർഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |

**പ്രവർത്തനം : 2**
**പേര് : ടാലെന്റ് ലാബുകൾ**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം , ആലാപനം , ചിത്രരചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG<br>PTA | 3000 |

**പ്രവർത്തനം : 3**
**പേര് : പ്രകടനവേദികൾ**
**ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ ഫേസ് ബുക്ക് പേജ് വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ<br>മാർച്ച് | SRG<br>CT | |

# ആരോഗ്യ -കായിക- വിദ്യാഭ്യാസം

**പ്രവർത്തനം : 1**
**പേര് : കായികാരോഗ്യം**
**ഉപമേഖല : Play for health, സുംബാ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | Play for health - ലെ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശീലനം , സുംബോ പരിശീലനം | ജൂൺ<br>മാർച്ച് | ക്ലാസ്സ് ടീച്ചർ | 10000 |

**പ്രവർത്തനം : 2**
**പേര് : ഹെൽത്ത് ചെക്ക് അപ്പ്**
**ഉപമേഖല : ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ<br>സെപ്റ്റംബർ | PTA | 3000 |

**പ്രവർത്തനം : 3**
**പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല**
**ഉപമേഖല : അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരിയേഡിൽ ഫിസിക്കൽ എക്സർസൈസ്,ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ<br>മാർച്ച് | SRG | 3000 |

# നിർവ്വഹണ ചുമതല

- ഷൈനി തോമസ്  - ഹെഡ് മിസ്ട്രസ്
- സജില അബ്ബാസ്
- നീതു  നായർ പി ഒ
- അംലു ശിവൻ
- നിഷാന ഇ. കെ
- ബിബിൻ  ആർ
- വിനീത കെ വി
- സിംന  മോൾ ഒ. എ
- ശോഭ  പി വി
- അനു മോൾ
- അനിത കുമാരി
- അനു
- അഫ്സീന  അഷറഫ്
- സിനുമോൾ

GOVT.L.P.SCHOOL KALLAR
PATTOM COLONY